(എഫ്) പരിഗണനയിലുണ്ട്.

(ജി) ആംബുലൻസുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

മയക്കാനുള്ള മരുന്നിന്റെ ഗുണനിലവാരം

3 (449) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രിയിൽ ശസ്ത്രക്രിയക്ക് വിധേയരാവുന്ന രോഗികൾ ഓപ്പറേഷനിടക്ക് നിശ്ചിതസമയം കഴിയാതെ മയക്കം വിട്ടുണരുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) രോഗികളെ മരവിപ്പിക്കാൻ നട്ടെല്ലിൽ കുത്തിവെയ്ക്കുന്ന ബ്യൂവി വാകൈൻ ഹൈഡ്രോക്ലോറൈഡ് ഇഞ്ചക്ഷനിൽ യഥാർത്ഥ ഘടകങ്ങൾ ഇല്ലാത്തത് ഇതിനു കാരണമായി കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഹൊസൂർ ആസ്ഥാനമായ കമ്പനിയുടെ ഈ മരുന്ന് സർക്കാർ ആശുപത്രിയിൽ വിതരണത്തിനുള്ളതാണെന്ന് അതിൽ തന്നെ രേഖപ്പെടുത്തിയിട്ടുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഈ മരുന്ന് ഏതൊക്കെ ശസ്ത്രക്രിയകൾക്കാണ് നട്ടെല്ലിൽ ഇഞ്ചക്ഷനായി നൽകുന്നത് ;

(ഇ) ഈ മരുന്നിന് പകരം പണം കൊടുത്ത് പുറത്തുനിന്ന് മരുന്ന് വാങ്ങാൻ രോഗികൾ തയ്യാറാവുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എന്നാൽ സർക്കാർ നൽകുന്ന മരുന്ന് ഉപയോഗിക്കാത്ത ആശുപത്രികൾക്കെതിരെ കർശന നടപടി എടുക്കുമെന്ന ആരോഗ്യ വകുപ്പിന്റെ നിലപാട് രോഗികൾക്ക് ഇതിന് തടസ്സം സൃഷ്ടിക്കുന്നകാര്യം പരിശോധിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;

(ജി) പാവപ്പെട്ട രോഗികൾക്ക് ആശ്വാസം പകരാൻ ഇക്കാര്യത്തിൽ എന്തുനിലപാടെടുക്കും എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) രോഗികളെ മരവിപ്പിക്കാൻ നട്ടെല്ലിൽ കത്തി വയ്ക്കുവാൻ ഈ മരുന്നു ഉപയോഗിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട പത്രവാർത്തയിൻമേലുള്ള ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. ഈ ഔഷധത്തിന്റെ ആംപ്യൂളിൽ കേന്ദ്ര സർക്കാരിന്റെ വിതരണത്തിനുള്ളതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ആരോഗ്യമന്ത്രാലയം വഴി സംസ്ഥാനത്തിന് ലഭ്യമാക്കിയ മരുന്നാണ് ഇത്.

(ഡി) സാന്ദ്രതകുറഞ്ഞ ഈ മരുന്ന് പി.പി.എസ്. ലൈപോമാ എക്സിഷൻ, സർക്കംസിഷൻ തുടങ്ങിയ ചെറിയ ഓപ്പറേഷനുകൾക്ക് ലോക്കൽ അനസ്തേഷ്യക്കായി ഉപയോഗിക്കുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഉദിക്കുന്നില്ല.

(ജി) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻവഴി ലഭിക്കുന്ന മരുന്നുകൾ ഓപ്പറേഷന് പാവപ്പെട്ട രോഗികൾക്ക് ആശുപത്രിയിലൂടെ സൗജന്യമായാണ് നൽകുന്നത്.

രക്തബാങ്കിൽ നിന്നും രക്തം സ്വീകരിച്ചവർക്ക് ഏർപ്പെടുത്തിയ പ്രോസസിംഗ് ഫീ

4 (450) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രക്തബാങ്കിൽനിന്നും രക്തം സ്വീകരിക്കുന്നവർ പ്രോസസിംഗ് ഫീ ആയി വൻതുക നൽകേണ്ടി വരുന്നു എന്ന പരാതിയെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നുവോ ; എങ്കിൽ എന്തൊക്കെ പരാതികളെക്കുറിച്ചാണ് അന്വേഷണം നടത്തിയതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവിടെ നിന്നും രക്തം സ്വീകരിക്കുന്നവർ ഈ ഇനത്തിൽ എത്ര രൂപയാണ് ഇപ്പോൾ നൽകേണ്ടത് ;

(സി) ഇവിടത്തെ രക്തബാങ്കുകളിൽ എത്തുന്ന രക്തദാതാക്കൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത് ;

(ഡി) ഇതിനായി ഓരോ രക്തദാതാവിനും വേണ്ടി സർക്കാരിന് എന്ത് തുകയാണ് ചെലവാകുന്നത് ;

(ഇ) ഇതിനായി, വൻതുക രക്തം സ്വീകരിക്കുന്നവരിൽനിന്നും പ്രോസസിംഗ് ഫീ ആയി ഈടാക്കാതെ ഈ തുക ആശുപത്രി വികസന ഫണ്ടിൽനിന്നും നൽകണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly